ഉത്തരം

(എ) 1874974 കുടുംബങ്ങൾ ഇതിനോടകം സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.*

(ബി) 31-1-2011 വരെ 292477 പേർക്ക് 91,30,03,659 കോടി രൂപയുടെ ഗുണഫലം ലഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്.

സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

86 (1049) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. എം. എ. വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുന്നതിന് ബി.പി.എൽ.കുടുംബങ്ങൾക്കുള്ള വരുമാന പരിധി ഉയർത്തി നിശ്ചയിക്കണമെന്ന നിർദ്ദേശത്തിൽ എന്തു തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) വരുമാന പരിധിയില്ലാതെ ഈ പദ്ധതിയിൽ ചേരുന്നതിന് ഏതൊക്ക പുതിയ വിഭാഗങ്ങൾക്കാണ് ഇപ്പോൾ അർഹത നൽകിയിട്ടുള്ളത് ;

(സി) ഈ വർഷം എത്ര ലക്ഷം പേരെ ഈ പദ്ധതിയിൻകീഴിൽ കൊണ്ടുവരാനാണ് ലക്ഷ്യമിട്ടിരുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ വർഷം ഇതുവരെ ഈ പദ്ധതിയിൽ എത്ര പേർ അംഗങ്ങളായി ചേർന്നു എന്ന വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) റേഷൻ കാർഡിൽ 600 രൂപയോ അതിൽ താഴെയോ വരുമാനം രേഖപ്പെടുത്തിയിട്ടുള്ള കുടുംബങ്ങളെയാണ് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) ആശ്രയ കുടുംബങ്ങൾ, ആശാ വർക്കേഴ്സ്, അംഗനവാടി വർക്കേഴ്സ്/ഹെൽപേഴ്സ്, വികലാംഗർ, മത്സ്യ തൊഴിലാളികൾ, കയർ, കൈത്തറി കർഷക തൊഴിലാളി, തയ്യൽ, ബീഡി, പനമ്പ്-ഈറ്റ-കാട്ടുവള്ളി, ഖാദി തൊഴിലാളി, ലോട്ടറി ഏജന്റ്സ് & സെല്ലേഴ്സ് തുടങ്ങിയ വിഭാഗങ്ങളിലെ ക്ഷേമനിധി അംഗങ്ങൾ, ഗാർഹിക തൊഴിലാളികൾ, വഴിയോര കച്ചവടക്കാർ, കശുവണ്ടി, കള്ളുചെത്ത്, കെട്ടിടനിർമ്മാണ തൊഴിലാളി, ചുമട്ടുതൊഴിലാളി തുടങ്ങിയ മേഖലകളിലെ ക്ഷേമനിധി ബോർഡുകളിൽ അംഗത്വമുള്ളവരും, പെൻഷൻ വാങ്ങുന്നവരും, കണ്ണൂർ കന്റോൺമെന്റ് തൊഴിലാളികൾ, എൻഡോസൾഫാൻ ദുരന്തബാധിതർ, തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്തവർ, ഗാർഹിക തൊഴിലാളികൾ, സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വാങ്ങുന്നവർ, പ്രവാസി അവിദഗ്ദ്ധ തൊഴിലാളികൾ സ്കൂൾ പാചക തൊഴിലാളികൾ തുടങ്ങിയവരെയാണ് ഈ പദ്ധതിയിൽ ഇപ്രകാരം ചേർത്തിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) 35 ലക്ഷം കുടുംബങ്ങളെയാണ് ഈ വർഷം പദ്ധതിയുടെ കീഴിൽ കൊണ്ടുവരാൻ ലക്ഷ്യമിട്ടിരുന്നത്.

(ഡി) 2010-11 വർഷം 18.74 ലക്ഷം കുടുംബങ്ങൾ പദ്ധതിയിൽ ചേർന്നിട്ടുണ്ട്. 2011-12 വർഷം പദ്ധതിയിൽ പുതുതായി ചേരാനായി 19,00,019 ലക്ഷം കുടുംബങ്ങൾ അക്ഷയ കേന്ദ്രങ്ങൾ വഴി രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവരുടെ എന്റോൾമെന്റ് നടപടികൾ പുരോഗതിയിലാണ്. ഇതിൽനിന്നും ഇതുവരെ 4,13,206 കുടുംബങ്ങൾ പുതുതായി പദ്ധതിയിൽ ചേർന്നിട്ടുണ്ട്.

ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൻകീഴിൽ ഉൾപ്പെട്ട തൊഴിലാളികൾ

87 (1050) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ ക്ഷേമ ബോർഡുകളിൽ പ്രവർത്തിക്കുന്ന ഏതൊക്കെ മേഖലകളിലെ തൊഴിലാളികളെ ഇതുവരെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്തിയിട്ടുണ്ട് :

(ബി) അസംഘടിത മേഖലകളിൽ പ്രവർത്തിയെടുക്കുന്ന ഏതെല്ലാം മേഖലകളിലെ തൊഴിലാളികളെയാണ് ഇനിയും ഈ പദ്ധതിയിൻകീഴിൽ കൊണ്ടുവരേണ്ടത് എന്ന് വെളിപ്പെടുത്തുമോ :

(സി) ഇതിനായി എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത് എന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) മത്സ്യബന്ധനം, കയർ, കൈത്തറി, കാർഷികം, തയ്യൽ, ബീഡി നിർമ്മാണം, പനമ്പ്-ഈറ്റ-കാട്ടുവള്ളി, ലോട്ടറി, കള്ള് ചെത്ത്, കെട്ടിട നിർമ്മാണം, ചുമട്ടുതൊഴിലാളി, കൈത്തൊഴിലാളി-വിദഗ്ദ്ധ തൊഴിലാളി, ചെറുകിടതോട്ടം തുടങ്ങിയ മേഖലകളിലെ തൊഴിലാളികളെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കശുവണ്ടിത്തൊഴിലാളികളായിരുന്നു പെൻഷൻപറ്റിയവർ, ഇതര ക്ഷേമനിധി ബോർഡുകൾ വഴി പെൻഷൻ ലഭിച്ചവരുടെ കുടുംബങ്ങൾ തുടങ്ങിയവരും പദ്ധതിയുടെ കീഴിൽ വന്നിട്ടുണ്ട്.

(ബി) അസംഘടിത മേഖലയിൽ പണിയെടുക്കുന്ന മുഴുവൻ തൊഴിലാളികളെയും ഇതിനകം തന്നെ പദ്ധതിയുടെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly